**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6051** **09-11-2021 - ൽ മറുപടിയ്ക്ക്**

**ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പ്രൊമോഷൻ അവസരങ്ങളിൽ തുല്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജില്ലാതല റിക്രൂട്ട്മെന്റും നിയമനവും നടത്തുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സംസ്ഥാന തലത്തിലുള്ള ഏകീകൃത സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കാത്തത് നിമിത്തം പ്രൊമോഷൻ അവസരങ്ങളിലെ തുല്യത ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എ) | ജില്ലാതല റിക്രൂട്ട്മെന്റും നിയമനവും നടത്തുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ, നിലവിലുള്ള 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ അടിസ്ഥാനമാക്കിയാണ് സർക്കിൾ തലത്തിൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത്. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സംസ്ഥാന തലത്തിലുള്ള ഏകീകൃത സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ